"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്-മെഡിക്കൽ വിദ്യാഭ്യാസം-വയനാട് സർക്കാർ മെഡിക്കൽ കോളേജിന്റെ നിർമാണത്തിനായി ഭൂമി അനുവദിച്ച് ഉത്തരവ്-പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്

സ.ഉ.(കൈ) നം.55/2022/H&FWD തീയതി,തിരുവനന്തപുരം, 14-03-2022

പരാമർശം:-

1. 12/02/2021 തീയതിയിലെ സ.ഉ (കൈ) നം.32/2021/ആ.കു.വ.
2. വയനാട് ജില്ലാ കളക്ടറുടെ 21/01/2021-ലെ DCWYD/338/2021-B2 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.
3. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 17/11/2021-ലെ P4-591/2020/DME നമ്പർ കത്ത്.

ഉത്തരവ്

വയനാട് ജില്ലയിൽ ഒരു സർക്കാർ മെഡിക്കൽ കോളേജ് പ്രവർത്തികമാക്കുന്നതിന്റെ ഭാഗമായി മാനന്തവാടി ജില്ലാ ആശുപത്രിയെ താത്കാലികമായി മെഡിക്കൽ കോളേജ് ആശുപത്രിയായി മാറ്റുന്നതിനും ജില്ലാ ആശുപത്രിക്ക് സമീപം നഴ്സിംഗ് വിദ്യാർത്ഥികൾക്കായി നിർമ്മിച്ച മൂന്നുനില കെട്ടിടം അദ്ധ്യയന ആവശ്യങ്ങൾക്ക് അനുയോജ്യമാക്കിക്കൊണ്ടും പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ, നിലവിൽ മെഡിക്കൽ കോളേജായി പ്രവർത്തിച്ചു വരുന്ന മാനന്തവാടി ജില്ലാ ആശുപത്രിക്ക് 8.74 ഏക്കർ ഭൂമി മാത്രമാണ് മാത്രമാണ് കൈവശമുള്ളതെന്നും അതുകൊണ്ട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിക്കുന്നതിനുള്ള സൗകര്യങ്ങൾ/സംവിധാനങ്ങൾ ഒരുക്കുന്നതിന് കൂടുതൽ ഭൂമി ആവശ്യമായിട്ടുണ്ടെന്നും പരാമർശം 3 ലെ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി .

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മാനന്തവാടി താലൂക്കിൽ, ബോയ്സ് ടൗണിൽ ഗ്ലൻ ലെവൻ എസ്റ്റേറ്റിൽ നിന്നും സർക്കാർ ഏറ്റെടുത്തതും നിലവിൽ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ളതുമായ 65 ഏക്കർ ഭൂമി വയനാട് സർക്കാർ മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിനായി അനുവദിച്ച് ഉത്തരവാകുന്നു. പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ വയനാട് ജില്ലാ കളക്ടർ/ആരോഗ്യ വകുപ്പ് ഡയറക്ടർ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്.

3. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR ആഷ തോമസ് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം
ആരോഗ്യ വകുപ്പ് ഡയറക്ടർ , തിരുവനന്തപുരം
ജില്ലാ കളക്ടർ,വയനാട്
സ്പെഷ്യൽ ഓഫീസർ ഫോർ ന്യൂ മെഡിക്കൽ കോളേജസ്, മെഡിക്കൽ കോളേജ്.പി.ഒ,തിരുവനന്തപുരം
ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം),വയനാട്
റവന്യൂ/ധനകാര്യ/പ്ലാനിംഗ് /ആരോഗ്യ കുടുംബക്ഷേമ (കെ/പി)വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ്& ന്യൂ മീഡിയ, ഐ&പി.ആർ.ഡി
കരുതൽ ഫയൽ/ഓഫീസ് കോപ്പി (S3/84/2018-ആരോഗ്യം)

ഉത്തരവിൻ പ്രകാരം

Signed by Muraleedharan Chettiyar
Date: 14-03-2022 18:30:44

സെക്ഷൻ ഓഫീസർ

പകർപ്പ്,

സ.ഉ.(കൈ) നം.55/2022/H&FWD

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആരോഗ്യവും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്